**അനുബന്ധം**

<u>ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) മേശപ്പുറത്തുവച്ച മറുപടി</u>

വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. രാജ്യത്ത് നിലവിൽ ഏറ്റവും ഉയർന്ന തോതിൽ ദുരിതാശ്വാസ സഹായം നൽകുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര ധനകാര്യ കമ്മീഷനാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള ദുരിതാശ്വാസ തോത് നിർണ്ണയിക്കുന്നത്. നിലവിലെ മാനദണ്ഡം നിർണ്ണയിച്ചത് പതിനാലാം ധനകാര്യ കമ്മീഷനാണ്. 2015 ഏപ്രിലിൽ ആണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ദുരിതാശ്വാസ തോത് അവസാനമായി പരിഷ്കരിച്ച് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയത്. ആയതിനുശേഷം ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം അനുവദിക്കുന്ന തുക പരിമിതമായതിനാൽ തീവ്ര ദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതംകൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ സഹായമാണ് കേരളം നൽകിവരുന്നത്. പ്രകൃതി ദുരന്തങ്ങളിൽ പതിനഞ്ച് ശതമാനത്തിലധികം

തകർച്ച നേരിട്ട പുറമ്പോക്ക് സ്ഥലത്തുൾപ്പെടെയുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളെ ദുരന്തബാധിത കുടുംബങ്ങളായി കണക്കാക്കിയാണ് കേരളം ധനസഹായം നൽകിവരുന്നത്. 2018, 2019, 2021 എന്നീ വർഷങ്ങളിൽ തീവ്ര ദുരന്ത സാഹചര്യമുണ്ടായപ്പോൾ മലയോര പ്രദേശങ്ങളിൽ 75-നും 100 ശതമാനത്തിനുമിടയിൽ തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും നൽകാവുന്നത് 101900 രൂപ മാത്രമാണ്. എന്നാൽ കേരള സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള 298100 രൂപയും ചേർത്ത് 4 ലക്ഷം രൂപ നൽകുകയുണ്ടായി. 75 മുതൽ 100 ശതമാനം വരെ തകർച്ച നേരിട്ട സമതല പ്രദേശത്തെ വീടുകൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്ന് നൽകാനാവുന്നത് 95100 രൂപ മാത്രമാണെങ്കിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള 304900 രൂപയും ചേർത്ത് കേരള സർക്കാർ 4 ലക്ഷം രൂപയും നൽകി. ഇതുകൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷംരൂപ നൽകുകയുണ്ടായി. ഈ ആനുകൂല്യം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കും ബാധകമാകുന്ന സമീപനമാണ്

സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സംസ്ഥാന ദുരന്തപ്രതികരണ നിധി വിഹിതം വർദ്ധിപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽവരുന്ന വിഷയമല്ലാത്തതിനാൽ നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി/കേന്ദ്ര ദുരന്തപ്രതികരണ നിധി മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകണമെന്നുള്ള പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വിവിധ ഐറ്റങ്ങൾക്കുള്ള തുക വർദ്ധിപ്പിക്കുക, സംസ്ഥാന സവിശേഷ ദുരന്തങ്ങൾക്കുള്ള നിലവിലെ വകയിരുത്തൽ വർദ്ധിപ്പിക്കുക, ദുരന്ത നിവാരണം ഒരു പാഠ്യ വിഷയമാക്കുവാൻ ധനസഹായം നൽകുക, ദുരന്തലഘൂകരണ നിധി രൂപീകരിച്ചുകൊണ്ട് അതിൽനിന്നും സംസ്ഥാന ദുരന്ത ലഘൂകരണനിധിക്ക് സഹായം നൽകുക, ദുരന്ത നിവാരണ ഇൻഷ്വറൻസ് നടപ്പിലാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ടുകൊണ്ട് വിശദമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ നിലവിൽ ഫ്ലഡ് റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തികളുടെ മാനദണ്ഡങ്ങളിൽ കാന കെട്ടുന്നതിനും റോഡുകളുടെ സൈഡ്

വാൾ കെട്ടുന്നതിനും റോഡിന്റെ രൂപമാറ്റം നടത്തുന്നതിനും സാധിക്കുകയില്ല. ആയതിനാൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി മേൽ പ്രസ്താവിച്ച പ്രവൃത്തികൾകൂടി സംസ്ഥാന ദുരന്തപ്രതികരണ നിധി വിനിയോഗിച്ചു കൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ തന്നെ നേരിൽ പോയി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കുമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല തവണകളായി കേന്ദ്രസർക്കാരിനുമുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.